പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1619 — 04-12-2018-ലെ മറുപടിയ്ക്ക്

## പ്രളയത്തിൽ കൃഷി നാശം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.സി.ജോസഫ്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| **(എ)** | 2018 ലെ പ്രളയത്തിൽ സംസ്ഥാനത്ത് എത്ര കോടി രൂപയുടെ കൃഷി നാശം സംഭവിച്ചുവെന്നും ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കും വെളിപ്പെടുത്തുമോ; | **(എ)** | സംസ്ഥാനത്തൊട്ടാകെ 2,36,649.5 ഹെക്ടർ സ്ഥലത്തെ കൃഷി പൂർണ്ണമായും നശിച്ചുപോയിട്ടുണ്ട്. കാർഷികമേഖലയിൽ 19,001.84 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. ഘടകം തിരിച്ചുള്ള നഷ്ടം ചുവടെ ചേർത്തിരിക്കുന്നു. വിളകൾക്കുണ്ടായ നഷ്ടത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം - I ൽ കാണാലും. |

| ക്രമ നമ്പർ | ഘടകം | രൂപ (കോടിയിൽ) |
|---|---|---|
| 1. | വിളകൾക്കുണ്ടായ നാശനഷ്ടം | 18545.25 |
| 2. | കൃഷിഭൂമിക്കുണ്ടായ നാശനഷ്ടം (മണ്ണിടിച്ചിൽ, ഉരുൾ പൊട്ടൽ തുടങ്ങിയവ) | 326.25 |
| 3. | കാർഷിക മേഖലയിലെ ആസ്തികൾക്കും, ഉല്പാദനോപാധികൾക്കും ഉണ്ടായ നാശനഷ്ടം | 130.34 |
| | **ആകെ** | **19001.84** |

| | | | |
|---|---|---|---|
| **(ബി)** | കുട്ടനാട്ടിൽ നെൽകൃഷി മാത്രം എത്ര ഹെക്ടർ നശിച്ചുവെന്നും ആകെ കൃഷി നാശം എത്രയാണെന്നും വ്യക്തമാക്കുമോ; | **(ബി)** | 16313 ഹെക്ടറിൽ 308.31 കോടി രൂപയുടെ നെൽകൃഷി നശിച്ചതായി കണക്കാക്കുന്നു. |
| **(സി)** | നെൽകൃഷിക്ക് കുട്ടനാട്ടിൽ എന്തെല്ലാം സഹായങ്ങൾ നൽകിയെന്ന് വെളിപ്പെടുത്തുമോ? | **(സി)** | ആലപ്പുഴ ജില്ല<br>നെൽകൃഷി നശിച്ച 10495 ഹെക്ടറിലെ കർഷകർക്ക് ഹെക്ടറൊന്നിന് 13,500/- രൂപ പ്രകാരം 14.16 കോടി രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. |

പുഞ്ചകൃഷി ചെയ്യുന്നതിന് 30,000 ഹെക്ടർ സ്ഥലത്ത് 3612.88 ടൺ നെൽ വിത്ത് സൗജന്യമായി KSSDA, NSC, കർഷക കൈമാറ്റം ഇവ മുഖാന്തിരം നൽകിയിട്ടുണ്ട്.

മടവീഴ്ച സംഭവിച്ച പാടങ്ങൾക്ക് അഡ്വാൻസായി 1.4276 കോടി രൂപ SDRF ഫണ്ടായി നൽകിയിട്ടുണ്ട്.

മോട്ടോർ റിപ്പയർ ചെയ്യുന്നതിന് 40.1 ലക്ഷം രൂപ നൽകി.

3.5 കോടി രൂപ SDRF ഫണ്ടായി ബണ്ട് പുനർ നിർമ്മിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്.

75% ശതമാനം സബ്സിഡിയിൽ 12524 ഹെക്ടർ സ്ഥലത്ത് കുമ്മായം പുഞ്ച കൃഷിയ്ക്ക് നൽകുന്നു.

പാടങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണും, ചെളിയും നീക്കം ചെയ്യുന്നതിനായി 3.5 കോടി രൂപ SDRF ഫണ്ടായി അനുവദിച്ചിട്ടുണ്ട്.

<u>കോട്ടയം ജില്ല</u>

1506 മെട്രിക്ക് ടൺ നെൽവിത്ത് പൂർണ്ണമായും സൗജന്യമായി നൽകി.

ഹെക്ടറൊന്നിന് 13500 രൂപ നിരക്കിൽ 5818 ഹെക്ടർ നെൽകൃഷിക്ക് 785.43 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകി.

പുറംബണ്ട് ബലപ്പെടുത്തൽ ഉൾപ്പെടെയുള്ള അടിസ്ഥാന വികസനത്തിന് SDRF ഫണ്ടായി 290 ലക്ഷം രൂപ അനുവദിച്ചു.

സെക്ഷൻ ഓഫീസർ

ANNEXURE – I

| SL. NO. | DISTRICT | ESTIMATED LOSS (Rs. In lakhs) |
|---|---|---|
| 1 | Thiruvananthapuram | 15,773.63 |
| 2 | Kollam | 15,663.65 |
| 3 | Alappuzha | 74,365.11 |
| 4 | Pathanamthitta | 3,09,241.66 |
| 5 | Kottayam | 1,86,359.85 |
| 6 | Idukki | 6,84,117.51 |
| 7 | Ernakulam | 1,09,225.01 |
| 8 | Thrissur | 46,745.79 |
| 9 | Palakkad | 57,377.37 |
| 10 | Malappuram | 1,12,265.46 |
| 11 | Kozhikode | 38,638.05 |
| 12 | Wayanád | 1,69,786.02 |
| 13 | Kannur | 27,960.90 |
| 14 | Kasaragod | 7,005.62 |
| TOTAL | | 18,54,525.6 |